കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -ആലപ്പുഴ നഗരസഭ-ശുചീകരണ തൊഴിലാളിയായ ശ്രീ.കെ.ഇക്ബാലിന് വിദേശത്ത് ജോലി സ്വീകരിക്കുന്നതിന് ശൂന്യവേതനാവധി അനുവദിച്ചകാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.2378/2016 /തസ്വഭവ. തിരുവനന്തപുരം , 06/08/2016

പരാമർശം: 1) ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ 02.02.2013 ലെ എച്ച്1-23642/12 ഉത്തരവ് നടപടികൾ.

2) ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ15/72015 ലെ എച്ച്7(എച്ച്1)-23642/12 നം. കത്ത്

3) നഗരകാര്യ ഡയറക്ടറുടെ 05.10.2015 ലെ ഇ 2-17599/2015 നം.കത്ത്.

ഉത്തരവ്

ആലപ്പുഴ നഗരസഭയിൽ 17/11/2009-ൽ കണ്ടിജന്റ് വിഭാഗം ശുചീകരണ തൊഴിലാളിയായി ജോലിയിൽ പ്രവേശിച്ച ശ്രീ.കെ.ഇക്ബാൽ ,വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച സാഹചര്യത്തൽ 15/2//2013 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കുകയും ടിയാൻ അവധിയിൽ പ്രവേശിക്കുകയും തുടർന്ന് ടിയാന്റെ മാതാവിന്റെ ശുശ്രൂഷയുമായി ബന്ധപ്പെട്ട് രണ്ട് വർഷത്തിന് ശേഷം ലീവ് അവസാനിപ്പിച്ച് ജോലിയിൽ പ്രവേശിക്കുന്നതിനായി 11/6/2015-ൽ അപേക്ഷിച്ചിരുന്നുവെന്നും കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം(1)ലെ ഉത്തരവിൻ പ്രകാരമാണ് ടിയാൻ വിദേശത്ത് ജോലി സ്വീകരിച്ചതെന്നും സർക്കാർ അനുമതി ഇല്ലാതെ വിദേശത്ത് ജോലി സ്വീകരിച്ചിച്ചുള്ളതിൽ ടിയാന്റെ ഭാഗത്ത് നിന്ന് വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ലെന്നും ഇപ്രകാരം സർക്കാർ അനുമതി ഇല്ലാതെ വിദേശത്ത് ജോലി സ്വീകരിച്ച നടപടി സാധൂകരിച്ച് അവധിയിലെ എടുക്കാത്ത ഭാഗം റദ്ദ് ചെയ്യുന്നതിനുള്ള അനുമതി ഉണ്ടാകണമെന്ന പരാമർശം(2) പ്രകാരമുള്ള അപേക്ഷ,പരാമർശം(3) പ്രകാരം ലഭിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കേരള സർവ്വീസ് റൂൾസ് ഭാഗം-1-ൽ ചട്ടം 56 ഉം ഭാഗം III പൂർണ്ണമായും മാത്രമാണ് മുനിസിപ്പൽ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് ബാധകം.കെ.എസ്.ആർ ഭാഗം -I അനുബന്ധം X11 A പ്രകാരം വിദേശ ജോലിയ്ക്കായി കൗൺസിൽ തീരുമാന പ്രകാരം ശൂന്യവേതനാവധി അനുവദിച്ചതിന് സാധൂകരണം നൽകാൻ നിർവ്വാഹമില്ല. എന്നാൽ 15/02/2013-ൽ ശ്രീ.കെ.ഇക്ബാലിന്റെ പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തിയാക്കിയ പക്ഷം മുൻകാല സർവ്വീസ് നഷ്ടമാകാതെയും പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തിയാക്കാത്ത പക്ഷം മുൻകാല സർവ്വീസ് നഷ്ടമാകും വിധവും ഇക്കാലളവിലെ ഹാജരില്ലായ്മ നോൺ ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

അബുൽ കലാം. ഒപ്പ്

അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

സെക്രട്ടറി,ആലപ്പുഴ നഗരസഭ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ.കെ.ഇക്ബാൽ(സെക്രട്ടറി,ആലപ്പുഴ നഗരസഭ,മുഖാന്തിരം)
ധനകാര്യ വകുപ്പ്. ( 26/4/2016 ലെ E 213371/RB2/2016/Fin പ്രകാരം)
ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ